## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 1999**

11.02.2020 ൽ
മറുപടിക്ക്

### സംസ്ഥാനത്തെ ഫൊറൻസിക് ലാബുകളിൽ പോലീസുകാരെ നിയമിക്കുന്ന നടപടി

**ചോദ്യം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) സംസ്ഥാനത്തെ ഫൊറൻസിക് ലാബുകളിൽ സയൻസ് വിഷയങ്ങളിൽ അക്കാഡമിക് യോഗ്യതയുള്ള പോലീസുകാരെ നിയമിക്കുവാൻ തീരുമാനിച്ച നടപടി സർക്കാരിന്റെ അറിവോടെയാണോ എന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച കത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കുമോ;

(എ) വിവിധ പോലീസ് സ്റ്റേഷനുകളിലെ പോക്സോ കേസുകൾ ഉൾപ്പെടെ നിരവധി ക്രൈം കേസുകളിലെ തെളിവു ശേഖരണത്തിന്റെ ഭാഗമായുള്ള ശാസ്ത്രീയ പരിശോധനകൾ ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ തീർപ്പ് കൽപ്പിക്കാനായി നിലവിലുള്ളതിനാൽ കേസുകളുടെ അന്വേഷണം വേഗത്തിലാക്കുവാനും കുറ്റവാളികൾക്ക് കാലതാമസം കൂടാതെ ശിക്ഷ ഉറപ്പ് വരുത്തുവാനും ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ തൊണ്ടിമുതലുകളുടെ ശാസ്ത്ര പരിശോധന ഒഴികെയുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനായി 6 മാസത്തേക്ക് താൽക്കാലികമായി വർക്കിംഗ് അറേഞ്ച് മെന്റ് വ്യവസ്ഥയിൽ സംസ്ഥാന പോലീസ് മേധാവി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിൽ പോലീസുകാരെ നിയമിക്കുന്നത് ശാസ്ത്രപരിശോധനകളിലെ രഹസ്യവും സ്വതന്ത്രവുമായ വിലയിരുത്തലുകൾക്ക് തടസ്സമാകുമോ എന്ന് പരിശോധിക്കുമോ; നടപടി സ്വീകരിക്കുമോ ;

(ബി) ഫോറൻസിക് സയൻസ് ലബോറട്ടറികളിൽ തൊണ്ടിമുതലുകളുടെ ശാസ്ത്രീയ പരിശോധനകൾ നടത്തുന്നതിന് വർക്കിംഗ് അറേഞ്ച് മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ള പോലീസുകാരെ നിയോഗിച്ചിട്ടില്ല.

(സി) ജീവനക്കാരുടെ കുറവിന്റെ പേരിൽ പോലീസുകാരെ നിയമിക്കുന്നത് ദുരൂഹത ഉണ്ടാക്കുമെന്ന കാര്യം പരിശോധിക്കുമോ ; നടപടി സ്വീകരിക്കുമോ ;

(സി) ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ തൊണ്ടിമുതലുകളുടെ ശാസ്ത്ര പരിശോധന ഒഴികെയുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുവേണ്ടി മാത്രമാണ് 6 മാസത്തേക്ക് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളത്. ഇത് ദുരൂഹത ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഡി) രഹസ്യ സ്വഭാവമുള്ള ഇത്തരം ലാബുകളിൽ പോലീസുകാരെ നിയമിക്കുന്നതിന് തയ്യാറാക്കിയ ഉത്തരവ് റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ ?

(ഡി) ഫോറൻസിക് സയൻസ് ലബോറട്ടറികളിലെ സയന്റിഫിക് ഓഫീസർമാരെ തൊണ്ടിമുതലുകളുടെ ശാസ്ത്ര പരിശോധന ഒഴികെയുള്ള പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥരെ ആറുമാസത്തേക്ക് താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചതുകൊണ്ട് ടി സ്ഥാപനങ്ങളിലെ രഹസ്യസ്വഭാവം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ.